# സുന്ദരികളും സുന്ദരന്മാരും

ഉറൂബ്



''ചരിത്രത്താൽ നിർണ്ണയിക്കപ്പെടുകയല്ല, ചരിത്രമായി—നാനാവിധങ്ങളായ സാമൂഹ്യ ബലതന്ത്രങ്ങളുടെ അരങ്ങും പടനിലവുമായി—വർത്തമാനത്തിൽ നിലകൊള്ളുകയാണ് എന്ന ധാരണയോടെ വ്യക്തികളെയും വ്യക്ത്യനുഭവങ്ങളെയും നോക്കിക്കാണുവാൻ തയ്യാറാവുന്ന വായനാരീതികൾക്കേ ഈ നോവലിനെ പുതുതായി അഭിസംബോധന ചെയ്യാനാവൂ. ആധുനിക പൂർവ്വകമായ ജാതിശരീരങ്ങളിൽനിന്നും നാടുവാഴിത്ത പ്രത്യയശാസ്ത്രത്താൽ നിർണ്ണയിക്കപ്പെട്ട സ്വത്വഘടനയിൽനിന്നും വിടുതിനേടി ദേശീയ ആധുനികതയുടെ സ്വതന്ത്രവ്യക്തി ബോധത്തിലേക്ക് പരിണമിച്ചെത്തിയ മലബാറിന്റെ ജീവചരിത്രംതന്നെയാണ് ഉറൂബ് നോവലായി എഴുതുന്നത്.''

**സുനിൽ പി. ഇളയിടം**

കവർ ഡിസൈൻ: ഷാഹുൽ അലിയാർ


ഡിസിബുക്സ്

www.dcbooks.com

ISBN 81-264-0727-1

00015

9 788126 407279

നോവൽ | E-book available | ₹ 350



8M3 URO/S

770






8M3 URO/S
CASMTVK
770

770

COLLEGE OF AVIAN SCIENCES & MANAGEMENT
KVASU CAMPUS, THIRUVAZHAMKUNNU

Acc. No. 770 Call No.

This book should be returned on or before the date last given below.

TMP08
10/4/17
26 JUL 2017
15-046
26 JUL 2017
15-037
1 NOV 2017
17/47
19 AUG 2018
18-35
4 DEC 2018
Baletos
7/6/25

Library TVK

8M3 URO/S
CASMTVK
770

## ഉറൂബ് (പി.സി. കുട്ടിക്കൃഷ്ണൻ)
(1915–1979)

1915 ജൂൺ 8–ന് പൊന്നാനിക്കു സമീപമുള്ള പള്ളിപ്രം ഗ്രാമത്തിലെ പരുത്തുള്ളി ചാലപ്പുറത്തു വീട്ടിൽ ജനിച്ചു. ഹൈസ്കൂൾ വിദ്യാഭ്യാസത്തിനുശേഷം പ്രത്യേക ലക്ഷ്യമില്ലാതെ ദക്ഷിണേന്ത്യയുടെ പല ഭാഗങ്ങളിലും അലഞ്ഞുനടന്നു. കമ്പൗണ്ടർ, അദ്ധ്യാപകൻ, ഗുമസ്തൻ, ബനിയൻ കമ്പനിയുടെ സൂപ്പർവൈസർ, കെ.ആർ. ബ്രദേഴ്സിലെ റീഡർ, മംഗളോദയം മാസികയുടെ പത്രാധിപസമിതി അംഗം എന്നിങ്ങനെ പല ജോലികൾ നോക്കി. 1950 മുതൽ 1975 വരെ കോഴിക്കോട് ആകാശവാണിയിൽ സ്റ്റാഫ് ആർട്ടിസ്റ്റായും പ്രൊഡ്യൂസറായും പ്രവർത്തിച്ചു. തുടർന്ന് 'കുങ്കുമം' വാരികയുടെയും അതിനുശേഷം 'മലയാള മനോരമ' ആഴ്ചപ്പതിപ്പിന്റെയും പത്രാധിപരായിരുന്നു. *സുന്ദരികളും സുന്ദരന്മാരും* എന്ന നോവലിന് സാഹിത്യ അക്കാദമി അവാർഡ് ലഭിച്ചു. നോവൽ, കഥ, കവിത, നാടകം, ബാലസാഹിത്യം, ലേഖനം എന്നീ വിഭാഗങ്ങളിൽ നാല്പതോളം കൃതികൾ. ദേശീയ അവാർഡ് നേടിയ ആദ്യ മലയാളചിത്രമായ 'നീലക്കുയിലി'ന്റെ കഥാസംഭാഷണരചയിതാവ്. 'മലയാള മനോരമ' ആഴ്ചപ്പതിപ്പിന്റെ പത്രാധിപരായിരിക്കെ 1979 ജൂലൈ 10–ന് അന്തരിച്ചു.

### ഉറൂബിന്റെ ഞങ്ങൾ പ്രസിദ്ധീകരിച്ച കൃതികൾ

*നോവൽ*
അണിയറ
ആമിന
ഉമ്മാച്ചു
ചുഴിക്കുപിമ്പേ ചുഴി
സുന്ദരികളും സുന്ദരന്മാരും

*ചെറുകഥ*
താമരത്തൊപ്പി
'രാച്ചിയമ്മ'യും മറ്റ് പ്രധാന കഥകളും
റിസർവ് ചെയ്യാത്ത ബർത്ത്

*ഉപന്യാസം*
ഉറൂബിന്റെ ശനിയാഴ്ചകൾ

*ബാലസാഹിത്യം*
ഉറൂബിന്റെ കുട്ടിക്കഥകൾ

*സമ്പൂർണ്ണം*
ഉറൂബിന്റെ കൃതികൾ (സമ്പൂർണ്ണം)

ഉറൂബ്

# സുന്ദരികളും സുന്ദരന്മാരും

ഡി സി ബുക്സ്

MALAYALAM LANGUAGE
Sundarikalum Sundaranmarum

LITERATURE / NOVEL
by Uroob
Rights Reserved
First Published 1958
First DCB Edition February 2004
This Edition - July 2016

PUBLISHERS
D C Books, Kottayam 686 001
Kerala State, India
Literature News Portal: www.dcbooks.com
Online Bookstore: www. onlinestore.dcbooks.com
e-bookstore: ebooks.dcbooks.com
Customercare: customercare@dcbooks.com, 9846133336

DISTRIBUTORS
D C Books-Current Books

D C BOOKS LIBRARY CATALOGUING IN PUBLICATION DATA
Uroob
Sundarikalum Sundaranmarum/Uroob.
448p., 21cm.
ISBN 81-264-0727-1
1. Malayalam Novel. I. Title.
8M3*-dc22
*(This is local variation of DDC number for Malayalam literature: Sundarikalum Sundaranmarum).
No part of this publication may be reproduced, or transmitted in any form
or by any means, without prior written permission of the publisher.
ISBN 81-264-0727-1

Printed in India
at D C Press, Kottayam, INDIA

D C BOOKS - THE FIRST INDIAN BOOK PUBLISHING HOUSE TO GET ISO CERTIFICATION

350.00

285/16-17-Sl.No. 15537-dcb 2760-(15) 1000-8998-07-16-ltc.17.0-p sc-r(t) sr-d (t)ga

# നോവലിലെ ലോകജീവിതം

> "തിരിഞ്ഞുനോക്കുമ്പോൾ ജീവിതം നിറഞ്ഞുനിൽക്കുന്നതായി തോന്നുന്നു. ചപ്പും ചവറുംകൊണ്ടായിരിക്കാം. എങ്കിലും നിറവുണ്ട്."
>
> *വിശ്വം : സുന്ദരികളും സുന്ദരന്മാരും*

മനുഷ്യവംശത്തിലെ എല്ലാ സുന്ദരികൾക്കും സുന്ദരന്മാർക്കുമായാണ് ഉറൂബ് 'സുന്ദരികളും സുന്ദരന്മാരും' എന്ന നോവൽ സമർപ്പിച്ചിരിക്കുന്നത്. മലയാളഭാവന കൈവരിച്ച എക്കാലത്തെയും വലിയ വിജയങ്ങളിലൊന്നായി ഇതിനകം ഈ കൃതി വിലയിരുത്തപ്പെട്ടുകഴിഞ്ഞിട്ടുണ്ട്. നവോത്ഥാനമാനവികതയുടെ ഇത്രയേറെ പ്രകാശഭാസുരമായ ആവിഷ്കാരങ്ങൾ മലയാളത്തിലേറെയൊന്നുമില്ല. ജീവിതം! ജീവിതം! എന്ന് നിരന്തരം വിളിച്ചുപറഞ്ഞുകൊണ്ട് കഠിനകാലങ്ങളിലൂടെയും കഠിനലോകങ്ങളിലൂടെയും അടിയിടറാതെ കടന്നുപോന്ന മനുഷ്യമഹിമയുടെ കഥയാകാനാണ് ഈ നോവൽ പണിപ്പെട്ടത്. മാനവികതാവാദത്തിന്റെ അഭിജ്ഞാനക്രമങ്ങളിൽ (cognitive frames)നിന്നും മുളപൊട്ടിക്കിളിർത്ത സംഭവസൂചനകളിലൂടെ മനുഷ്യവംശത്തെക്കുറിച്ചുള്ള ഒരു യുഗസന്ധിയിലെ പ്രതീക്ഷകളത്രയും ഉറൂബ് ഈ നോവലിൽ എഴുതിച്ചേർത്തു. റോമെൻ റൊളാങ്ങിന്റെ ജീൻ ക്രിസ്റ്റഫ് എന്നപോലെ 'ദുരിതങ്ങൾക്കിടയ്ക്ക് ജീവിക്കുവാൻ കഴിയുന്നതൊരു ഭാഗ്യമാണ്; ജീവിച്ചു എന്നു തോന്നും' എന്ന് എല്ലാ യാതനകൾക്കു നടുവിലും ഉയർന്നുപൊങ്ങുന്ന മനുഷ്യാഭിമാനത്തിന്റെ കുനിയാത്ത ശിരസ്സുകൾ ഈ നോവലിലെമ്പാടും വന്നു നിറയുന്നത് നാം വായിക്കുന്നു. ഒറ്റയൊറ്റയായ ആകുലതകൾക്കപ്പുറം മുഴങ്ങിക്കേൾക്കുന്ന ഏകജീവിതാനശ്വരഗാനങ്ങളിലേക്ക് കാതുകൂർപ്പിച്ചു നിന്ന ഒരു കാലയളവിന്റെ പ്രത്യാശകളത്രയും ഉറൂബ് ഇതിൽ എഴുതിച്ചേർത്തിരിക്കുന്നു. കൊടിപ്പടം താഴാത്ത ജീവിതത്തിന്റെ അധൃഷ്യതയെക്കുറിച്ച്, മനുഷ്യൻ എത്ര മനോഹരപദമെന്ന വിശ്വാസദാർഢ്യത്തെക്കുറിച്ച്, ഇത്രയേറെ വികാരനിർഭരമായി, ഇത്രയേറെ പ്രത്യാശാപൂരിതമായി മലയാളം ഏറെയൊന്നും സ്വപ്നം കണ്ടിട്ടില്ല. ചരിത്രത്തിന്റെ നാൽക്കൂട്ടപ്പെരുവഴികളിൽ പിറവിയെടുക്കുന്ന മനുഷ്യാനുഭൂതികളുടെ പ്രവാഹസമൃദ്ധിയെ, ക്ലാസിക്കൽ യൂറോപ്യൻ നോവലുകളെ ഓർമ്മിപ്പിക്കുംവിധം, കണിശമായി അടുക്കിക്കെട്ടിക്കൊണ്ട്, 'സുന്ദരികളും സുന്ദരന്മാരും' നമ്മുടെ ഭാവനയുടെ ചരിത്രത്തിൽ ശാശ്വതമായ ഇടം നേടി. മലയാളകഥനത്തിന്റെ എത്രവലിയ ഭാവിവിജയങ്ങൾക്കും റദ്ദാക്കാനാവാത്ത ഒരിടമായി ഇപ്പോഴത് മാറിത്തീർന്നിരിക്കുന്നു.